പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 545 24.01.2018 ലെ മറുപടിക്ക്

# കയർ കേരള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ കേരള നടത്തിപ്പിനായി ഇത്തവണ കേന്ദ്ര സർക്കാർ ഫണ്ട് ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | എ) ലഭിച്ചിട്ടില്ല. ഒരു സംസ്ഥാനത്ത് മാത്രമായി നടത്തുന്ന മേളകൾക്ക് ധനസഹായം ലഭ്യമാക്കാനാകില്ല എന്നറിയിച്ചിട്ടുണ്ട്. കേന്ദ്രസഹായം അഭ്യർത്ഥിച്ച് ധനകാര്യ-കയർ വകുപ്പ് മന്ത്രി കേന്ദ്ര വാണിജ്യ കാര്യ മന്ത്രിയെ നേരിൽ കാണുകയും നിവേദനം നൽകുകയും ചെയ്തിരുന്നു. |
| ബി) ഏത് വർഷം മുതലാണ് കയർ കേരള നടത്തി വരുന്നതെന്നും ഓരോ വർഷവും ലഭിച്ച കേന്ദ്രഫണ്ട് എത്രയാണെന്നും വ്യക്തമാക്കാമോ; | ബി) കയർ കേരള ഇന്റർനാഷണൽ എക്സിബിഷൻ 2011 മുതൽ നടത്തിവരുന്നു. ഓരോ വർഷവും ലഭിച്ചിരുന്ന കേന്ദ്രഫണ്ടിന്റെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.<br>കയർ കേരള 2011 - ലഭിച്ചിട്ടില്ല<br>2012 - ₹ 87,21,533/-<br>2013 -₹ 1,45,34,502/-<br>2014 - ₹ 1,14,28,000/-<br>2015 - ₹ 94,64,000/-<br>2016 - ₹ 1,07,88,572/-<br>2017 - ലഭിച്ചിട്ടില്ല |
| സി) ഏഴാമത് കയർകേരളയുടെ ചെലവ് എത്രയാണെന്നും ഫണ്ട് ഏത് സർക്കാരാണ് (കേരളം അല്ലെങ്കിൽ കേന്ദ്രം) അനുവദിച്ചതെന്നും വ്യക്തമാക്കാമോ; | സി) ഏഴാമത് കയർകേരളയുടെ ചെലവിലേയ്ക്കായി 5 കോടി രൂപയുടെ ഭരണാനുമതിയും ആകെ 3,57,24,397/- രൂപ ഒന്നാം ഘട്ട ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. കയർ കേരളയുടെ ചെലവിനങ്ങൾ വിവിധ കമ്മിറ്റികളിലൂടെയാണ് നടപ്പാക്കിയത്. ആയതിന്റെ ചെലവുകളുടെ ഓഡിറ്റ് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. കയർ കേരളയ്ക്ക് ഫണ്ട് അനുവദിച്ചത് കേരള സർക്കാരാണ്. കേന്ദ്ര സഹായം കിട്ടാത്തതിന്റെ പശ്ചാത്തലത്തിൽ സ്പോൺസർഷിപ്പ് മുഖാന്തിരം പണം കണ്ടെത്തിയിരുന്നു. ഇതും കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ അക്കൗണ്ട് മുഖാന്തിരമാണ് കൈകാര്യം ചെയ്തിട്ടുള്ളത്. |
| ഡി) ഏഴാമത് കയർ കേരളയോടനുബന്ധിച്ച നടത്തിയത് | ഡി) കയർ കേരളയുടെ ചെലവിന്റെ വിശദ വിവരങ്ങൾ വിവിധ കമ്മറ്റികളിൽ നിന്നും |

| | |
|---|---|
| ഏതെല്ലാം പരിപാടികളാണെന്നും ഓരോ പരിപാടിക്കും വേണ്ടിവന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ; | ശേഖരിച്ച് വരുന്നു. |
| ഇ) ദേശീയ-അന്തർദേശീയ സെമിനാറുകൾ കയർകേരളയോടനുബന്ധിച്ച് നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | ഇ) & എഫ്) കയർ കേരളയോടനുബന്ധിച്ച് ഒക്ടോബർ 5 മുതൽ 9 വരെ ദേശീയ - അന്തർ ദേശീയ സെമിനാറുകൾ നടത്തിയിരുന്നു. സെമിനാറുകളിൽ പങ്കെടുത്ത റിസോഴ്സ് പേഴ്സൺസിനെ സംബന്ധിച്ച വിവരം ചുവടെ |
| എഫ്) എങ്കിൽ ഈ സെമിനാറുകളിൽ പങ്കെടുത്ത പ്രതിനിധികൾ ആരൊക്കെയായിരുന്നുവെന്നും അതിനുവേണ്ടിവന്ന ചെലവ് എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | ചേർക്കുന്നു.<br>1. ഡോ. ജാൻ വാൻ ഡാം, നെതർലാൻഡ്<br>2. ഡോ. രാജേഷ് ആന്ദ്ജിവാല, സി എസ് ഐ ആർ, സൗത്ത് ആഫ്രിക്ക<br>3. ഡോ. ഗൗതം ബോസ്, എൻ ഐ ആർ ജെ എ എഫ് റ്റി,കൊൽക്കത്ത<br>4. ഡോ. ജി. വി റാവു (റിട്ടയേർഡ് പ്രൊഫസർ) ഐ . ഐ .റ്റി,ഡൽഹി<br>5. പ്രൊഫസർവെങ്കിട്ടരാമൻ(റിട്ടയേർഡ് പ്രൊഫസർ) ഐ ഐ റ്റി,ഡൽഹി<br>6.ശ്രീ.രാമസുബ്രമണ്യൻ, സയൻറിസ്റ്റ്, സ്വാമിനാഥൻ ഫൗണ്ടേഷൻ, ചെന്നൈ<br>7. ഡോ ശ്രീനിവാസൻ പ്രൊഫസർ, ഫൈബർ ഫാഷൻ ടെക്നോളജി, തമിഴ് നാട്<br>8.ശ്രീ.അജിത്ത് മത്തായി. കൺസൾട്ടന്റ്, ഡിലോയിറ്റ്<br>9.ശ്രീ ശിവരാജ് വിജയൻ,ഐഎഎസ് (റിട്ടയേർഡ്)<br>സെമിനാറുകൾക്ക് താമസ സൗകര്യം ഒഴികെ 2,64,155/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച കണക്കുകൾ ഓഡിറ്റ് ചെയ്യപ്പെട്ടവ അല്ല. ആഡിറ്റ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| ജി) ഏഴാമത് കയർ കേരളയിൽ ഉണ്ടായ പ്രധാന തീരുമാനങ്ങളും പ്രഖ്യാപിച്ച പുതിയ പദ്ധതികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ജി) കയർ കേരള 2017 ന്റെ ഭാഗമായി പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുന്നതിലേക്ക് 120 കോടി രൂപയുടെ ധാരണാപത്രം പഞ്ചായത്ത് സെക്രട്ടറിമാരും തൊഴിലുറപ്പ് പദ്ധതിയുടെ ജെ.പിസി. മാരും കയർ പ്രോജക്ട് ഓഫീസർമാരും ചേർന്ന് ഒപ്പു വയ്ക്കുകയും ടി പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതു വഴി പരമ്പരാഗത കയർ വ്യവസായമേഖലയിലെ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിന് കഴിയുന്നു. കൂടാതെ കയർകേരളയിൽ സംഘടിപ്പിച്ച സഹകരണ സെമിനാർ വഴി കയർ മേഖലയുടെ രണ്ടാം പുന:സംഘടനയ്ക്ക് രൂപം നൽകി. ഇതിലൂടെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് കയർ |

| | |
|---|---|
| | മേഖലയിൽ സമ്പൂർണ്ണ ആധുനികവൽക്കരണം, യന്ത്രവൽക്കരണം, നവീകരണം എന്നിവയ്ക്ക് തുടക്കം കുറിച്ചു. പരമ്പരാഗത കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് വഴി സംഭരിക്കുകയും ഈ കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ മുഴുവൻ കയർ കോർപ്പറേഷൻ വഴി സംഭരിക്കുകയും ഡിസ്കൗണ്ട് നൽകി അവ വിറ്റഴിക്കുകയും ചെയ്യുന്നതിലൂടെയാണ് പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിന് കഴിയുന്നത്. ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത, കയർ സഹകരണ സംഘങ്ങളെ പൂർണ്ണമായും യന്ത്രവത്ക്കരിച്ച് ആധുനികവത്ക്കരിക്കുക, ഉൽപ്പന്നമേഖലയിലെ വൈവിദ്ധ്യവത്ക്കരണവും, കയർ ജിയോ ടെക്സ്റ്റൈയിൽസിന്റെ വർദ്ധിച്ച തോതിലുള്ള വിനിയോഗം, കയർ കോമ്പോസിറ്റ് ബോർഡ് പോലുള്ള ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുക, ഇവയെല്ലാം രണ്ടാം പുന:സംഘടനയുടെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ